**മധുരമായ കുട്ടികളേ - മംഗളകാരിയായ ബാബയുടെ മക്കളായ നിങ്ങളുടെ കർത്തവ്യമാണ് സർവ്വരുടെയും മംഗളം ചെയ്യുക എന്നത്, എല്ലാവരിലും ബാബയുടെ സ്മൃതിയുണർത്തണം, ജ്ഞാനദാനം ചെയ്യണം.**

**ചോദ്യം** - എങ്ങനെയുള്ള കുട്ടികളെയാണ് ബാബ മഹാരഥികളെന്ന് പറയുന്നത്, അവരുടെ അടയാളമെന്താണ്?

**ഉത്തരം** - ആരാണോ നല്ല രീതിയിൽ പഠിക്കുന്നത്, പഠിപ്പിക്കുന്നത്, ആരിലാണോ സദാ ബൃഹസ്പതിയുടെ ദശയുള്ളത്, ആരാണോ സ്വയം തന്റെയും സർവ്വരുടെയും ഉന്നതിയെക്കുറിച്ച് ചിന്തിക്കുന്നത്, ആരാണോ യജ്ഞ സേവനത്തിൽ എല്ലുകൾ നൽകുന്നത്, ബാബയുടെ സേവന കാര്യങ്ങളിൽ സഹയോഗികളാകുന്നത് - അവരാണ് മഹാരഥികൾ. ഇങ്ങനെയുള്ള മഹാരഥികളായ കുട്ടികളെക്കുറിച്ച് ബാബ പറയുന്നു- ഇവരാണ് എന്റെ സത്പുത്രന്മാർ.

**ഓംശാന്തി.** കുട്ടികൾ ഇപ്പോൾ ശിവജയന്തിയുടെ തയ്യാറെടുപ്പിലാണ്. കാർഡുകളെല്ലാം അച്ചടിക്കുന്നുണ്ട്. ബാബ ഒരുപാട് തവണ മനസ്സിലാക്കി തന്നിട്ടുണ്ട്, മുഴുവൻ കാര്യവും മുഖ്യമായും ഗീതയിലാണ്. മനുഷ്യരാൽ നിർമ്മിക്കപ്പെട്ട ഗീത പഠിച്ച്-പഠിച്ച് അരക്കല്പത്തോളം താഴേക്ക് പതിച്ചു. ഇതും നിങ്ങൾ കുട്ടികൾക്കറിയാം അരക്കല്പം രാത്രിയും അരക്കല്പം പകലുമാണെന്നുള്ളത്. ഇപ്പോൾ ബാബ നൽകുന്ന വിഷയത്തിനനുസരിച്ച് നിങ്ങൾ മഥനം ചെയ്യണം. നിങ്ങൾ എഴുതണം - അല്ലയോ സഹോദരീ-സഹോദരന്മാരേ വരൂ, വന്നു മനസ്സിലാക്കൂ- ഒരേയൊരു ഗീതാശാസ്ത്രം മാത്രമാണ് ജ്ഞാനത്തിന്റേത്, ബാക്കി മുഴുവനും ഭക്തിയുടെ ശാസ്ത്രമാണ്. ജ്ഞാനത്തിന്റെ ശാസ്ത്രം ഇതൊന്നു മാത്രമാണ്, പുരുഷോത്തമ സംഗമയുഗത്തിൽ പരിധിയില്ലാത്ത പിതാവായ പരമപിതാപരമാത്മാവ് ത്രിമൂർത്തി ശിവനാണ് കേൾപ്പിക്കുന്നത് അഥവാ ബ്രഹ്മാവിലൂടെയാണ് കേൾപ്പിക്കുന്നതെന്ന് എഴുതണം. ഇതിലൂടെ 21 ജന്മത്തേക്ക് സദ്ഗതിയുണ്ടാകുന്നു. ജ്ഞാനത്തിന്റെ ഗീതയിലൂടെ 21 ജന്മത്തേക്കുള്ള സമ്പത്ത് ലഭിക്കുന്നു, പിന്നീട് 63 ജന്മം മനുഷ്യർ കേൾപ്പിക്കുന്ന ഭക്തിയുടെ ഗീതയാണ് ഉണ്ടാകുന്നത്. ബാബ ഇപ്പോൾ രാജയോഗം പഠിപ്പിച്ച് സദ്ഗതി നൽകുന്നു. പിന്നീട് നിങ്ങൾക്ക് ഗീത കേൾക്കേണ്ടതായ ആവശ്യമില്ല. ഈ ജ്ഞാനത്തിന്റെ ഗീതയിലൂടെയാണ് പകലുണ്ടാകുന്നത്. ഇത് ജ്ഞാനത്തിന്റെ സാഗരനായ ബാബയാണ് കേൾപ്പിക്കുന്നത്. ഇതിലൂടെ 21 ജന്മത്തേക്ക് സദ്ഗതിയുണ്ടാകുന്നു. അതായത് 100% പവിത്രത സുഖശാന്തിയുടെ അഖണ്ഡവും സുദൃഢവുമായ സത്യയുഗീ ദൈവീക സ്വരാജ്യം ലഭിക്കുന്നു. 21 ജന്മത്തേക്ക് കയറുന്ന കലയാണ്. മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട ഗീതയിലൂടെ ഇറങ്ങുന്ന കലയാണ് ഉണ്ടാകുന്നത്. ഭക്തിയുടെ ഗീതയെക്കുറിച്ചും ജ്ഞാനത്തിന്റെ ഗീതയെക്കുറിച്ചും നല്ല രീതിയിൽ വിചാരസാഗരമഥനം ചെയ്യണം. ഇതാണ് മനുഷ്യർക്ക് അറിയാത്ത മുഖ്യമായ കാര്യം. നിങ്ങൾ എഴുതണം ത്രിമൂർത്തി ശിവജയന്തി തന്നെ ശ്രീമത്ത് ഭഗവത്ഗീതാ ജയന്തി അത് തന്നെ സർവ്വരുടെയും സദ്ഗതി ഭവന്തി. ശിവജയന്തിയിലൂടെ തന്നെയാണ് വിശ്വത്തിൽ ശാന്തിയുണ്ടാകുന്നതെന്നും കേൾപ്പിക്കാൻ സാധിക്കും. മുഖ്യമായ വാക്കുകളെല്ലാം തീർച്ചയായും ഉപയോഗിക്കണം, കാരണം ഇതിലാണ് മുഴുവൻ ആധാരവും. നിങ്ങൾക്ക് എല്ലാവരോടും പറയുവാൻ സാധിക്കും, ഒരിക്കലും ഒരു മനുഷ്യന് മറ്റൊരു മനുഷ്യന്റെ സദ്ഗതി ചെയ്യാൻ സാധിക്കില്ല. ഭഗവാനാണ് സദ്ഗതി നൽകുവാൻ വന്നിരിക്കുന്നു ഈ പുരുഷോത്തമ സംഗമയുഗത്തിൽ, അതിപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ 2-3 പോയിന്റുകൾ മുഖ്യമാണ്. ശിവന്റെയും കൃഷ്ണന്റെയും ഗീതയുടെ വ്യത്യാസത്തെക്കുറിച്ച് മനസ്സിലാക്കി കൊടുക്കണം. ത്രിമൂർത്തി ശിവഭഗവാനിലൂടെ ഈ സംഗമയുഗത്തിൽ ഗീത കേൾക്കുന്നതിലൂടെ സദ്ഗതിയുണ്ടാകുന്നു. ഇങ്ങനെയുള്ള പോയിന്റുകളെക്കുറിച്ച് ആരെങ്കിലും വിചാരസാഗരമഥനം ചെയ്താൽ മാത്രമാണ് അതിന്റെ പ്രഭാവമുണ്ടാവുക. മനുഷ്യന് ഒരിക്കലും മറ്റൊരു മനുഷ്യന്റെ സദ്ഗതി ചെയ്യാൻ സാധിക്കില്ല. കേവലം ഒരേയൊരു ത്രിമൂർത്തി പരംപിതാവായ പരമാത്മാ ശിവനാണ് അച്ഛനും ടീച്ചറും സത്ഗുരുവും. ബാബ ഈ പുരുഷോത്തമ സംഗമയുഗത്തിലാണ് സർവ്വരുടെയും സദ്ഗതി ചെയ്തുകൊണ്ടിരിക്കുന്നത്. കാർഡിൽ കുറച്ച് ഇങ്ങനെയുള്ള എഴുത്തുമുണ്ടായിരിക്കണം. മുകളിലായി എഴുതണം കലിയുഗി കക്കയ്ക്കു സമാനമായ പതിത മനുഷ്യരിൽ നിന്നും, സത്യയുഗീ പാവന ദേവീദേവതയാകുന്നതിനുള്ള ഈശ്വരീയ ക്ഷണം. ഇങ്ങനെ എഴുതുന്നതിലൂടെ മനുഷ്യർ മനസ്സിലാക്കുന്നതിനായി സന്തോഷത്തോടെ വരുന്നു. സത്ഗതി ദാതാവായ ബാബയുടേത് തന്നെയാണ് ശിവജയന്തി ആഘോഷിക്കുന്നത്. വളരെ നല്ല വ്യക്തമായ വാക്കുകളായിരിക്കണം. മനുഷ്യർ ഭക്തിമാർഗ്ഗത്തിൽ വളരെയേറെ ശാസ്ത്രങ്ങളാണ് പഠിക്കുന്നത്. അതിൽ ധാരാളം പ്രയത്നിക്കുന്നു. ഇവിടെ ഒരു സെക്കന്റിൽ പരിധിയില്ലാത്ത അച്ഛനിൽ നിന്നും മുക്തി ജീവന്മുക്തി ലഭിക്കുന്നു. ബാബയുടേതായി മാറി ജ്ഞാനം നേടുന്നു

എങ്കിൽ അവശ്യം ജീവന്മുക്തി ലഭിക്കുന്നു. ആദ്യം മുക്തിയിലേക്ക് പോകുന്നു, പിന്നീട് പുരുഷാർത്ഥമനുസരിച്ച് ജീവന്മുക്തി പദവി ലഭിക്കുന്നു. എല്ലാവർക്കും എന്തായാലും ജീവന്മുക്തി ലഭിക്കും, ആരംഭത്തിൽ വന്നാലും അന്ത്യം വന്നാലും. ആദ്യം ജീവന്മുക്തിയിലേക്ക് വരുന്നു പിന്നീട് ജീവിതബന്ധനത്തിലേക്കും. ഇങ്ങനെയുള്ള മുഖ്യമായ പോയിന്റുകൾ അഥവാ ധാരണ ചെയ്യുകയാണെങ്കിൽ വളരെ സേവനം ചെയ്യാൻ സാധിക്കും. ബാബയെക്കുറിച്ച് അറിയുന്നു എങ്കിൽ മറ്റുള്ളവർക്കും ബാബയുടെ പരിചയം നൽകണം. ആർക്കും പരിചയം നൽകുന്നില്ലെങ്കിൽ ജ്ഞാനമില്ലെന്നാണ് അതിനർത്ഥം. മനസ്സിലാക്കിത്തരുന്നുണ്ട് എന്നാൽ ഭാഗ്യത്തിലില്ല, മംഗളകാരിയായ ബാബയുടെ മക്കൾ മറ്റുള്ളവരുടെ മംഗളം ചെയ്യണം. ഇല്ലെങ്കിൽ ബാബ മനസ്സിലാക്കും ഈ കുട്ടി കേവലം പേരിന് മാത്രമാണ് ബാബയുടെ കുട്ടി എന്ന് പറയുന്നത്. ആരുടെയും മംഗളം ചെയ്യുന്നില്ല. ധനവാന്മാരുടെയും ദരിദ്രരുടെയും എല്ലാവരുടെയും മംഗളം ചെയ്യണം. എന്നാൽ ആദ്യം ഏഴകളായ കുട്ടികളാണ് ജ്ഞാനമെടുക്കുന്നത് അവർക്ക് ധാരാളം അവസരമുണ്ട്. ഡ്രാമയിൽ അതാണ് അടങ്ങിയിരിക്കുന്നത്. ഒരു ധനവാൻ വരികയാണെങ്കിൽ അവരുടെ പിന്നാലെ ധാരാളം പേർ വരും. ഇപ്പോൾ നമ്മുടെ പേര് പ്രശസ്തമാവുകയാണെങ്കിൽ ധാരാളം പേർ ഇങ്ങോട്ട് വരും.

നിങ്ങളുടെത് ഈശ്വരീയ പദവിയാണ്. നിങ്ങൾ അവനവന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്യണം. ആരാണോ അവനവന്റെ മംഗളം ചെയ്യാത്തത് അവർക്ക് മറ്റുള്ളവരുടെ മംഗളവും ചെയ്യാൻ സാധിക്കില്ല. ബാബ മംഗളകാരിയാണ് സദ്ഗതി ദാതാവാണ്. നിങ്ങളും ബാബയുടെ സഹയോഗികളല്ലേ. നിങ്ങൾക്കറിയാം മറ്റേത് ഭക്തിമാർഗ്ഗത്തിലേ ദശയാണ്. സദ്ഗതി മാർഗ്ഗത്തിലേക്കുള്ള ദശ ഒന്നു മാത്രമാണ്, ആരാണോ നല്ല രീതിയിൽ പഠിക്കുന്നത്, പഠിപ്പിക്കുന്നത് അവരിലാണ് ബൃഹസ്പതിയുടെ ദശയുള്ളത്. അവരെ മഹാരഥികളെന്നും പറയുന്നു. തന്റെ ഹൃദയത്തോടു ചോദിക്കൂ, ഞാൻ മഹാരഥിയാണോ? ഇന്ന-ഇന്ന ആളുകളെപ്പോലെ സേവനം ചെയ്യുന്നുണ്ടോ? കാലാൾപ്പടയാളികൾക്ക് ഒരിക്കലും ജ്ഞാനം കേൾപ്പിച്ചു കൊടുക്കാൻ സാധിക്കില്ല. അഥവാ മറ്റുള്ളവരുടെ മംഗളം ചെയ്യുന്നില്ലെങ്കിൽ സ്വയത്തെ മംഗളകാരിയായ ബാബയുടെ സന്താനമാണെന്ന് എന്തിന് പറയണം? ബാബ പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നുണ്ട്. ഈ യജ്ഞ സേവനത്തിൽ എല്ലുകൾ നൽകണം. ബാക്കി കേവലം കഴിക്കുക, കുടിക്കുക, ഉറങ്ങുക എന്നുള്ളതല്ലല്ലോ സേവനം. ഇങ്ങനെയുള്ളവർ പ്രജകളിൽ പോയി ദാസനോ ദാസിയോ ആയിത്തീരും. ബാബ നിങ്ങളെ നരനിൽ നിന്നും നാരായണനാകുന്നതിനുള്ള പുരുഷാർത്ഥമാണ് ചെയ്യിപ്പിക്കുന്നത്. സത്പുത്രന്മാരെക്കണ്ട് ബാബയും സന്തോഷിക്കുന്നു. ഈ കുട്ടി നല്ല പദവി നേടുന്നവരാണെന്ന് ലൗകിക പിതാവും കാണുകയാണെങ്കിൽ അവർക്കും സന്തോഷമാകുന്നു. പാരലൗകിക പിതാവും അങ്ങനെ പറയുന്നു. പരിധിയില്ലാത്ത അച്ഛൻ പറയുന്നു - ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നതിന് വന്നിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ മറ്റുള്ളവരെയും ആക്കി മാറ്റൂ. ബാക്കി കേവലം വയറിനുള്ളതു മാത്രം നൽകിയിട്ട് എന്താണ് കാര്യം. എല്ലാവരോടും പറയണം, കേവലം ശിവബാബയെ ഓർമ്മിക്കൂ. ഭോജനം കഴിക്കുമ്പോഴും പരസ്പരം ബാബയുടെ സ്മൃതിയുണർത്തൂ. അപ്പോൾ എല്ലാവരും പറയും ഇവർക്ക് ശിവബാബയോടാണ് പ്രീതിയുള്ളതെന്ന്. ഇത് സഹജമല്ലേ. ഇതിൽ എന്താണ് ബുദ്ധിമുട്ടുള്ളത്. ശീലമുണ്ടാവുകയാണെങ്കിൽ കഴിക്കുമ്പോഴും ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കും. ദൈവീക ഗുണങ്ങളും തീർച്ചയായും ധാരണ ചെയ്യണം. ഇപ്പോൾ പതിതപാവനാ വരൂ എന്ന് പറഞ്ഞ് എല്ലാവരും വിളിക്കുന്നുണ്ട്, അപ്പോൾ തീർച്ചയായും എല്ലാവരും പതിതരാണ്. ശങ്കരാചാര്യനും ശിവനെയാണ് ഓർമ്മിച്ചിരുന്നത് കാരണം ബാബയാണ് പതിതപാവനൻ. അരകല്പത്തോളം ഭക്തി ചെയ്താണ് പിന്നീട് ഭഗവാൻ വരുന്നത്, ആർക്കും കണക്കും കാര്യങ്ങളൊന്നും അറിയില്ല. ബാബ മനസ്സിലാക്കിത്തരുന്നു - യജ്ഞം, തപം, ദാനം എന്നിവയിലൂടെയൊന്നും എന്നെ കിട്ടില്ല. ഇതിൽ ഗീതയും വരുന്നുണ്ട്. ഈ ശാസ്ത്രങ്ങൾ പഠിക്കുന്നതിലൂടെ ആരുടെയും സത്ഗതിയുണ്ടാകുന്നില്ല. ഗീത, വേദങ്ങൾ ഉപനിഷത്തുകളെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലേതാണ്. ബാബ കുട്ടികൾക്ക് സഹജരാജയോഗവും ജ്ഞാനവുമാണ് പഠിപ്പിക്കുന്നത്. ഇതിലൂടെയാണ് രാജ്യപദവി പ്രാപ്തമാക്കുന്നത്. ഇതിന്റെ പേര് തന്നെ രാജയോഗം എന്നാണ്. ഇതിൽ പുസ്തകത്തിന്റെ കാര്യമൊന്നുമില്ലല്ലോ. ടീച്ചർ പഠിപ്പിക്കുന്നത് പദവി പ്രാപ്തമാക്കിക്കാനാണ്. അപ്പോൾ അച്ഛനെ അനുകരിക്കണം.

എല്ലാവരോടും പറയണം, ശിവബാബയെ ഓർമ്മിക്കൂ എന്ന്. ബാബ നാമെല്ലാ ആത്മാക്കൾക്കും പിതാവാണ്. ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ വികർമ്മം വിനാശമാകുന്നു. പരസ്പരം മുന്നറിയിപ്പ് നൽകി ഉന്നതി പ്രാപിക്കണം. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രത്തോളം അവനവന്റെ മംഗളമാണ് ഉണ്ടാകുക. ഓർമ്മയുടെ യാത്രയിലൂടെ മുഴുവൻ വിശ്വവും പവിത്രമായിത്തീരുന്നു. ഓർമ്മയിലിരുന്നുകൊണ്ട് ഭോജനമുണ്ടാക്കുകയാണെങ്കിൽ അതിൽ ശക്തി നിറയുന്നു. അതിനാലാണ് നിങ്ങളുടെ ബ്രഹ്മാഭോജനത്തിന് ഇത്രയധികം മഹത്വമുള്ളത്. മറ്റു ഭക്താത്മാക്കൾ പ്രസാദമുണ്ടാക്കുമ്പോൾ രാമ-രാമ എന്നു പറയുന്നു. രാമന്റെ നാമത്തിലാണ് ദാനം നൽകുന്നത്. നിങ്ങൾക്കാണെങ്കിൽ ബുദ്ധിയിൽ ഇടയ്ക്കിടെ ബാബയെ

ഓർമ്മിക്കണം. മുഴുവനും ദിവസത്തിൽ ബുദ്ധിയിൽ ജ്ഞാനമുണ്ടായിരിക്കണം. ബാബയുടെ പക്കൽ മുഴുവൻ രചനയുടെയും ആദി മദ്ധ്യ അന്ത്യത്തിന്റെയും ജ്ഞാനമുണ്ടല്ലോ. ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, നിങ്ങൾ അവരെ ഓർമ്മിക്കുകയാണെങ്കിൽ ഉയർന്ന പദവി പ്രാപ്തമാക്കുന്നു. പിന്നീട് എന്തിനാണ് മറ്റുള്ളവരെ ഓർമ്മിക്കുന്നത്. കേവലം എന്നെത്തന്നെ ഓർമ്മിക്കുകയാണെങ്കിൽ മറ്റെല്ലാവരുടെയും ഓർമ്മ ഉപേക്ഷിക്കണം. ഇതാണ് അവ്യഭിചാരി ഓർമ്മ. അഥവാ ഓർമ്മിക്കാൻ സാധിക്കുന്നില്ലെങ്കിൽ കെട്ടിട്ടു മുറുക്കൂ അതായത് പ്രതിജ്ഞ എടുക്കണം. തന്റെ ഉന്നതിയ്ക്കായി ഉയർന്ന പദവി നേടുന്നതിനായി പുരുഷാർത്ഥം ചെയ്യണം. നമ്മളെയും ടീച്ചറാക്കി മാറ്റുന്ന ശിവബാബയാണ് നമ്മുടെ ടീച്ചർ. നിങ്ങളെല്ലാവരും വഴികാട്ടികളാണ്. വഴികാട്ടികളുടെ ജോലിയാണ് എല്ലാവർക്കും വഴി പറഞ്ഞു കൊടുക്കുക എന്നുള്ളത്. ഇത്രയും മുഴുവൻ ജ്ഞാനം ആദ്യമൊന്നും നിങ്ങളുടെ പക്കലുണ്ടായിരുന്നില്ലല്ലോ. എല്ലാവരും പറയുന്നുണ്ട് ആദ്യമൊക്കെ കുറഞ്ഞ നിലവാരമുള്ള പഠിപ്പായിരുന്നു എന്ന്. അങ്ങനെത്തന്നെയായിരിക്കുമല്ലോ. ഡ്രാമാ അനുസരിച്ച് കല്പം മുമ്പത്തേതു പോലെയാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. പിന്നീട് കല്പത്തിനു ശേഷവും ഇങ്ങനെത്തന്നെ പഠിച്ചുകൊണ്ടിരിക്കും. അവസാനസമയത്ത് നിങ്ങൾക്ക് സർവ്വതും സക്ഷാത്കാരമുണ്ടാകുന്നു. സാക്ഷാത്കാരമുണ്ടാകാൻ വൈകില്ല. ബ്രഹ്മാബാബയ്ക്ക് വളരെ പെട്ടെന്നായിരുന്നു സാക്ഷാത്കാരം ലഭിച്ചത്. ഇന്നവർ പ്രജകളാകും അവർ ഇന്ന വസ്ത്രങ്ങൾ ധരിക്കുന്നു. ആരംഭത്തിൽ കുട്ടികൾക്ക് ധാരാളം സാക്ഷാത്കാരം കാണിച്ചിരുന്നു. ഇനി അവസാനവും ഉണ്ടായിരിക്കും. അപ്പോൾ ഓർമ്മയിലിരിക്കാനും സാധിക്കുന്നു. ശരി.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ഭോജനം കഴിക്കുന്ന സമയത്തും പരസ്പരം എല്ലാവർക്കും ബാബയുടെ സ്മൃതിയുണർത്തണം. ഓർമ്മയിലിരുന്നുകൊണ്ട് ഭോജനം കഴിക്കൂ.

2. യജ്ഞസേവനത്തിൽ എല്ലുകൾ നൽകണം. ബാബയുടെ പൂർണ്ണ സഹയോഗികളാകണം.

**സർവ്വ ഗോപ-ഗോപികമാർക്ക് വേണ്ടി മാതേശ്വരിജീയുടെ ഹസ്തങ്ങളാൽ എഴുതപ്പെട്ട സ്മരണപത്രം**
സർവ്വ ഗോപ-ഗോപികമാർക്കും അതി സ്നേഹസ്മരണകൾ. ഗൃഹസ്ഥവ്യവഹാരത്തിൽ വസിച്ചുകൊണ്ടും കമലപുഷ്പ സമാനം തന്റെ ജീവിതത്തിൽ സഫലത പ്രാപ്തമാക്കുന്നുണ്ടല്ലോ? ഓമനകളായ ഗോപന്മാർ ഇപ്പോൾ സേവനത്തെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടു പോകാനുള്ള പുരുഷാർത്ഥത്തിൽ മുഴുകിയിരിക്കുകയാണ്. വളരെ നല്ലത്. അവസാനം തന്റെ പരമപൂജ്യനായ ബാബയുടെ പരിചയം എല്ലാവർക്കും ലഭിക്കുക തന്നെ വേണം. ഈ ഉയർന്ന പ്രാപ്തി കോടിയിൽ ചിലർക്കു മാത്രമേ പ്രാപ്തമാക്കുവാൻ സാധിക്കൂ എന്നും അറിയാം. അങ്ങനെയുള്ള പുഷ്പങ്ങളും തീർച്ചയായും ഉണ്ടാവുക തന്നെ ചെയ്യും. ശരി, അതിവേഗതയിൽ തന്നെ സേവനത്തെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കൂ. അവിനാശി ജ്ഞാനധനത്തിന്റെ ഖജനാവ് വളരെ അമൂല്യമാണ്, അളവറ്റതാണ്, ഇത് ബാബയിലൂടെ സർവ്വ കുട്ടികൾക്കും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആര് ഇത് പ്രാപ്തമാക്കുന്നുവോ അവർ ജന്മജന്മാന്തരത്തേക്ക് സമ്പന്നരായിത്തീരുന്നു. ഈ വസ്തു തന്നെ അങ്ങനെയുള്ളതാണ്. പറയൂ ഓമനകളായ സഹോദരീസഹോദരന്മാരേ ഇത് ശരിയായ കാര്യമല്ലേ.

താങ്കൾ എല്ലാ ഗോപ-ഗോപികമാരും അതീന്ദ്രിയ സുഖത്തിന്റെ അനുഭവത്തിലൂടെ ഈ ജീവിതം മുന്നോട്ടു കൊണ്ടു പോകൂ. നോക്കൂ ഓമനകളായ ഗോപ-ഗോപികമാരേ, ഈ ബ്രാഹ്മണ ജീവിതത്തിന്റെ അഭിവൃദ്ധിയിൽ തന്നെയാണ് സർവ്വരുടേയും മംഗളം. പിന്നീട് തീർച്ചയായും ബ്രാഹ്മണനിൽ നിന്നും ദേവതയാവുകയും ചെയ്യും. എങ്ങനെയാണോ പലരും ഗൃഹസ്ഥവ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും ബ്രാഹ്മണകുലവംശിയായി മാറി ജീവിച്ചുകൊണ്ടിരിക്കുന്നത്, അതായത് ഗൃഹസ്ഥത്തിൽ വസിച്ചുകൊണ്ടും പവിത്രമായി ജീവിക്കുന്നത്, പതി-പത്നി ഒരു അച്ഛന്റെ കുട്ടി എന്ന പവിത്ര ധാരണയിലിരിക്കുന്നത്. അതുപോലെ ബാക്കി എല്ലാവർക്കും ആ പരമപിതാവായ ബാബയുടെ നിർദ്ദേശമനുസരിച്ച് ജീവിക്കണം, ഇതിനെത്തന്നെയാണ് ശ്രീമത പ്രകാരമുള്ള ജീവിതമെന്ന് പറയുന്നത്. ഇതുപോലുള്ള ധാരണയനുസരിച്ച് ജീവിക്കുന്നവരെ തന്നെയാണ് ബ്രാഹ്മണകുലവംശി എന്ന് പറയുന്നത്. ബാബ തന്നെയാണ് നമ്മുടെ അച്ഛനും ടീച്ചറും സത്ഗുരുവും അതുപോലെത്തന്നെ ധർമ്മരാജനും, അപ്പോൾ തീർച്ചയായും ബാബയുടെ ദത്തെടുക്കപ്പെട്ട കുട്ടിയായി മാറി പവിത്രതയുടെ അധികാരം നേടണം. ഇതിലൂടെത്തന്നെയാണ് ഭാവിയിലെ സുഖ-ശാന്തിയുടെ പൂർണ്ണമായ അധികാരം പ്രാപ്തിയുടെ രൂപത്തിൽ അനുഭവമാകുകയുള്ളൂ.

പറയൂ, ഓമനകളായ ഗോപ-ഗോപികമാരേ ഇങ്ങനെയുള്ള സഹജമായ രഹസ്യത്തെക്കുറിച്ച് മനസ്സിലാ

ക്കിയില്ലേ. ജീവിച്ചിരിക്കേ മരിക്കാൻ അഥവാ മർജ്ജീവയായിത്തീരുവാൻ ഭയമൊന്നുമില്ലല്ലോ. ഇന്ന് ഈ എഴുത്ത് ഓരോരുത്തരും തന്റെ പേർക്കുളളതാണെന്ന് മനസ്സിലാക്കൂ. തനിക്കുളള കത്താണെന്ന് മനസ്സിലാക്കി വായിക്കണം അഥവാ കേൾക്കണം. അമ്മയുടെ സ്നേഹവും ഓരോരുത്തരും തന്റെ പേർക്ക് നേടൂ. ഓരോരോ ഗോപ-ഗോപികമാർക്കും പേര് സഹിതം അമ്മയുടെ അതിയായ സ്നേഹം. ശരി, തന്റെ സൗഭാഗ്യത്തെ ഉയർന്നതാക്കി മാറ്റുന്നതിന്റെ പുരുഷാർത്ഥത്തിൽ തീവ്ര വേഗതയിൽ മുഴുകിയിരിക്കുക തന്നെയാണ് മംഗളകാരിയായി മാറുക. സ്വയം പരമപിതാവ് ഉയർന്ന സമ്പത്ത് നൽകുവാൻ വന്നിരിക്കുകയാണെന്ന് ഇപ്പോൾ മനസ്സിലായി എങ്കിൽ അത് നേടുക തന്നെ വേണം. ശരി, വിട വാങ്ങുന്നു. ഓംശാന്തി.

## വരദാനം:- അവിനാശീ പ്രാപ്തിയുടെ ആധാരത്തിൽ സദാ സമ്പന്നതയുടെ അനുഭവം ചെയ്യുന്ന പ്രസന്നചിത്തരായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ നേരിട്ട് പരമാത്മാ പ്രാപ്തിയുണ്ട്, വർത്തമാനത്തിന് മുമ്പാകെ ഭാവി ഒന്നുമേയല്ല, അതിനാൽ താങ്കളുടെ ഗീതമാണ് -എന്ത് കിട്ടേണ്ടിയിരുന്നുവോ അത് കിട്ടി...... ഈ സമയത്തെ മഹിമയാണ് ബ്രാഹ്മണന്റെ ഖജനാവിൽ അപ്രാപ്തമായ ഒരു വസ്തുവുമില്ല. ഇത് അവിനാശിയായ പ്രാപ്തിയാണ്. ഈ പ്രാപ്തികളാൽ സമ്പന്നരാകൂ എങ്കിൽ പെരുമാറ്റത്തിലും മുഖത്തിലൂടെയും സദാ പ്രസന്നതയുടെ വിശേഷത കാണപ്പെടും. എന്ത് തന്നെ സംഭവിച്ചാലും സർവ്വ പ്രാപ്തിവാൻ തന്റെ പ്രസന്നത ഉപേക്ഷിക്കുകയില്ല.

## സ്ലോഗൻ:- പരമാത്മാ സ്നേഹത്തിന്റെ അനുഭവിയാകൂ എങ്കിൽ യാതൊരു വിഘ്നത്തിനും തടസ്സപ്പെടുത്താൻ സാധിക്കില്ല.

**അവ്യക്തി സൈലൻസിലൂടെ ഡബിൾ ലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യൂ.**
ആര് താങ്കളുടെ സമീപ സമ്പർക്കത്തിൽ വന്നാലും അനുഭവം ചെയ്യണം അതായത് ഇവർ ആത്മീകമാണ്, അലൗകികമാണ് എന്ന്. തന്റെ പൂർവ്വജ സ്ഥിതിയുടെ സ്മൃതിയിലൂടെ സർവ്വ ആത്മാക്കളുടെയും പാലന ശാന്തിയുടെ ശക്തിയിലൂടെ ചെയ്യൂ. താങ്കളുടെ കടമയാണ്- അശാന്തിയുടെ വായുമണ്ഡലത്തിൽ ആത്മാക്കൾക്ക് ശാന്തിയുടെ ദാനം കൊടുത്ത് അവരിൽ ശാന്തിയുടെയും സഹനശക്തിയുടെയും ധൈര്യം നിറച്ചു കൊടുക്കുക. ഇതിന് വേണ്ടി തന്റെ വൃത്തിയിലൂടെ, മനസാ ശക്തിയിലൂടെ വിശേഷ സേവനം ചെയ്യൂ. ലൈറ്റ് ഹൗസായി മാറി സർവ്വർക്കും ശാന്തിയുടെ ലൈറ്റ് കൊടുക്കൂ.